LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വരൾച്ചാ ദുരിതാശ്വാസം

21 [3542] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001, 2002, 2003, 2004 വർഷങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ സഹായമായി കേന്ദ്ര ഗവൺമെന്റ് എന്തു തുക അനുവദിച്ചുവെന്നറിയിക്കാമോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന് കേരള സർക്കാർ 2001-02-ന് ശേഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) 2004-2005 -ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം ടെണ്ടർ ചെയ്ത പ്രവർത്തികളിൽ ഇനിയും എത്രയെണ്ണം പൂർത്തിയാക്കാൻ ബാക്കി ഉണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ വരൾച്ചാദുരിതാശ്വാസത്തിനായി പ്രത്യേക തുകയൊന്നും കേന്ദ്രസർക്കാർ അനുവദിച്ചിരുന്നില്ല.

(ബി) 2001-2002 മുതൽ 2003-2004 -വരെ 70,06,99,789 രൂപ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. 2004-2005 -ലെ കണക്കുകൾ സാമ്പത്തിക വർഷാവസാനം മാത്രമേ ലഭ്യമാവുകയുള്ളു.

(സി) പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവർത്തികളുടെ വിവരം ശേഖരിച്ചു വരുന്നു.

കാലവർഷക്കെടുതിയിലെ നാശനഷ്ടങ്ങൾ

22 [3543] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ കാലവർഷക്കെടുതിമൂലം കോഴിക്കോട് ജില്ലയിൽ ഉരുൾപൊട്ടിയും മണ്ണിടിഞ്ഞും ഏതെല്ലാം സ്ഥലങ്ങളിൽ നാശനഷ്ടമുണ്ടായി എന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിൽ എത്ര പേരുടെ സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്നും കാർഷിക വിളവുകൾ അടക്കം എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നുമാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തിൽ ക്രിസ്ത്യൻ പള്ളിയുടെ സെമിത്തേരി ഒലിച്ചു പോയതിന്റെ ഫലമായി വന്ന നഷ്ടം എത്ര രൂപയുടേതാണ് എന്നത് സംബന്ധിച്ച് കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് എന്ന് വെളിപ്പെടുത്താമോ;